"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - കളമശ്ശേരി നഗരസഭ- ചെയർപേഴ്സന്റെ ഉപയോഗത്തിന് നഗരസഭയുടെ തനത് ഫണ്ട് വിനിയോഗിച്ച് 24 ലക്ഷം രൂപ വിലവരുന്ന **'ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** ഔദ്യോഗിക വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

G.O.(Rt)No.1334/2026/LSGD തീയതി,തിരുവനന്തപുരം, 22-07-2026

പരാമർശം:-

1. 08/03/2023 ൽ ചേർന്ന വികേന്ദ്രീകൃതസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം 4.44.
2. സ.ഉ( കൈ) നം. 166/2023/ ധന സർക്കാർ ഉത്തരവ് തീയതി 8/11/2023
3. സ.ഉ(സാധാ)നം.2731/2025/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് തീയതി 07/11/2025
4. കളമശ്ശേരി നഗരസഭ കൗൺസിലിന്റെ 01/01/2026 ലെ 2-ാം നമ്പർ തീരുമാനം.
5. കളമശ്ശേരി നഗരസഭ ചെയർപേഴ്സന്റെ 06/01/2026 ലെ കത്ത്
6. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 07/03/2026 ലെ LSGD/PD/7323-2026-GEB2 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ഔദ്യോഗിക വാഹനമായ 2010 മോഡൽ KL-07-BQ-2000 നമ്പർ ഇന്നോവ വാഹനം രജിസ്ട്രേഷൻ കാലാവധി പൂർത്തിയായിട്ടുള്ളതിനാൽ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 4 ലക്ഷം രൂപ വാല്യുവേഷൻ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ; ലേലം ചെയ്യുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു.

2) കളമശ്ശേരി നഗരസഭ ചെയർപേഴ്സന് നിലവിൽ ഔദ്യോഗിക വാഹനം ഇല്ലാത്തതിനാൽ കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് ഏകദേശം 24 ലക്ഷം രൂപ വിലയുള്ള **'ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (4) പ്രകാരമുള്ള കൗൺസിൽ തീരുമാനം അനുമതിയ്ക്കായി നഗരസഭ ചെയർപേഴ്സൺ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണെന്ന് പരാമർശം (6 ) പ്രകാരം തദ്ദേശ സ്വയംഭരണ

പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) & പരാമർശം (2) -ലെ വ്യവസ്ഥകളിൽ ഇളവ് ചെയ്ത് കൊണ്ട് എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യത്തിന് നഗരസഭയുടെ തനത് ഫണ്ട് വിനിയോഗിച്ച് ഏകദേശം 24 ലക്ഷം രൂപ വില വരുന്ന **'ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TINKU BISWAL
PRINCIPAL SECRETARY

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2.സെക്രട്ടറി, കളമശ്ശേരി മുനിസിപ്പാലിറ്റി
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4.ധനകാര്യ വകുപ്പ് (14/7/2026 ലെ 3451636/DEV-3/99/2026-FIN )
5.പൊതുഭരണ( എസ്.സി) വകുപ്പ്
6.ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
8.കരുതൽ ഫയൽ (ഡി.ബി2/712/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 23-07-2026
14:20:29
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 22-07-2026

ഫയൽ നം. ഡിബി2/712/2025/തസ്വഭവ. ഇനം നം : 86

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല കളമശ്ശേരി നഗരസഭ ചെയർപേഴ്സന്റെ ഉപയോഗത്തിന് തനത് ഫണ്ട് ഉപയോഗിച്ച് ഏകദേശം 24 ലക്ഷം രൂപ വില വരുന്ന 'ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ' ഔദ്യോഗിക വാഹനം വാങ്ങുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

# Note for Council of Ministers

This note is regarding special sanction of Government for purchasing '**Toyota Innova Crysta basic model'** vehicle for the official use of Municipal Chairman, Kalamasseri Municipality, Ernakulam District .

2) As per GO (Rt) No. 2731/2025 dtd 7/11/2025, Government have accorded sanction for permitting auction for selling the official vehicle KL-07-BQ-2000, 2010 Model ; of Chairman, Kalamasseri Municipality for Rs. 4 lakh based on the proposal of Principal Director, LSGD as the registration period of that vehicle was over and the Assistant Executive Engineer of Mechanical wing of PWD had issued the valuation certificate for Rs. 4 lakh for the vehicle.

3) The Chairperson of Kalamasseri Municipality had no official vehicle and hence submitted a proposal to Government for sanctioning the purchase of '**Toyota Innova Crysta basic model'** car by utilizing an amount of approximately Rs. 24 lakh from the own fund of Municipality along with council decision No.2, dtd: 01.01.2026 of Kalamasseri Municipality. The Principal Director, LSGD has reported that special sanction of Government is required in the case.

4) As per standing decisions of the Co-ordination Committee of Local Self Government Department, the cost of vehicle for official use of Municipal

Chairperson is restricted to a maximum amount of Rs.15 lakh. Moreover, there are general financial restrictions imposed for the purchase of vehicle as stipulated in GO(Ms) No. 166/2023/Fin dtd: 08/11/2023. Accordingly, concurrence of Finance Department for the purchase was sought. The remarks of Finance Department are as below:-

**"The Hon'ble Chief Minister has ordered in the file that the matter may be placed before the next meeting of the Council of Ministers. The Administrative Department is informed accordingly"**

**This has the approval of Hon'ble Chief Minister.**

5) Finance Department opined that Hon'ble Chief Minister has ordered to place the subject for consideration of the Council of Ministers.

**Point for decision**

Whether special sanction may be given to Kalamasseri Municipality, Ernakulam district for purchasing **'Toyota Innova Crysta basic model'** vehicle worth approximately Rs. 24 lakh for official use of Municipal Chairman utilizing the own fund of the Municiplality?

**GOVERNMENT OF KERALA**
**(SHRI. V.D SATHEESAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File Number | : | DB2/712/2025/LSGD |
| 2. | Department | : | Local Self Government (DB)Department |
| 3. | Subject | : | Issuing special sanction to Kalamasseri Municipality, Ernakulam district for purchasing the **'Toyota Innova Crysta Basic model'** official vehicle worth approximately Rs. 24 lakh for the official use of Municipal Chairman by utilising the own fund of Municipality-Reg. |
| 4. | Date of Chief Minister's Order for placing before the Council | : | 14/07/2026 |
| 5. | i) Does the case involve financial commitments/implications? | : | Yes |
| | ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | | Yes. |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Smt. Leena N.P |
| 8. | Name of Principal Secretary who approved the Draft Note | | Smt. Tinku Biswal |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 20/07/2026 |
| 10. | Name of Chief Secretary who approved the Draft Note | : | Sri. Bishwanath Sinha |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 20/07/2026 |
| 12. | Name of Minister who approved the draft Note | : | Sri. K.M Shaji |
| 13. | Date of approval of the Draft Note for the Council by the Minister | : | 20/07/2026 |
| 14. | Date of submission of fair copies | : | 21/07/2026 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number & Date of GO/letter communicating the decision | : | |

## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

എറണാകുളം ജില്ല കളമശ്ശേരി നഗരസഭ ചെയർപേഴ്സന്റെ ഉപയോഗത്തിന് തനത് ഫണ്ട് ഉപയോഗിച്ച് '**ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** ഔദ്യോഗിക വാഹനം വാങ്ങുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി തേടുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പ്രകാരം എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ഔദ്യോഗിക വാഹനമായ 2010 മോഡൽ KL-07-BQ-2000 നമ്പർ ഇന്നോവ വാഹനം രജിസ്ട്രേഷൻ കാലാവധി പൂർത്തിയായിട്ടുള്ളതിനാൽ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 4 ലക്ഷം രൂപ വാല്യുവേഷൻ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനം ലേലം ചെയ്യുന്നതിന് 07/11/2025 ലെ സ.ഉ(സാധാ)നം. 2731/2025/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു.

3) കളമശ്ശേരി നഗരസഭ ചെയർപേഴ്സന് നിലവിൽ ഔദ്യോഗിക വാഹനം ഇല്ലാത്തതിനാൽ കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് ഏകദേശം 24 ലക്ഷം രൂപ വിലയുള്ള **'ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി

01.01.2026 ലെ രണ്ടാം നമ്പർ കൗൺസിൽ തീരുമാനം അനുമതിയ്ക്കായി നഗരസഭ ചെയർപേഴ്സൺ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4) തദ്ദേശ സ്വയംഭരണവകുപ്പിന്റെ നിലവിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യത്തിന് വാഹനം വാങ്ങുന്നതിനുള്ള പരമാവധി വില **15.00 ലക്ഷം** രൂപയായി നിജപ്പെടുത്തിയിട്ടുണ്ട് കൂടാതെ 08.11.2023 ലെ സ.ഉ(കൈ)നം.166/2023/ധന ഉത്തരവ് പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ധനകാര്യവകുപ്പ് പൊതുവായ സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് വാഹനം വാങ്ങലിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി. ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയും പ്രകാരമാണ്.

**"The Hon'ble Chief Minister has ordered in the file that the matter may be placed before the next meeting of the Council of Ministers. The Administrative Department is informed accordingly**

**This has the approval of Hon'ble Chief Minister."**

5) ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം ടി വിഷയം അടുത്ത ബഹു. മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിക്കുകയുണ്ടായി.

**<u>തീരുമാനം എടുക്കേണ്ട വിഷയം</u>**

എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭ ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യത്തിന് നഗരസഭയുടെ തനത് ഫണ്ട് വിനിയോഗിച്ച് ഏകദേശം 24 ലക്ഷം രൂപ വില മതിക്കുന്ന '**ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാവുന്നതാണോ ?

# കേരള സർക്കാർ
## (ശ്രീ.വി.ഡി സതീശൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡിബി2/712/2025/തസ്വഭവ |
| 2. | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ് |
| 3. | വിഷയം | : | എറണാകുളം ജില്ല കളമശ്ശേരി നഗരസഭ ചെയർപേഴ്സന് തനത് ഫണ്ട് ഉപയോഗിച്ച് ഏകദേശം 24 ലക്ഷം രൂപ വില വരുന്ന '**ടൊയോട്ട ഇന്നോവ ക്രിസ്റ്റ ബേസിക് മോഡൽ'** ഔദ്യോഗിക വാഹനം വാങ്ങുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/07/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട്. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ലീന എൻ.പി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 20/07/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ ബിശ്വനാഥ് സിൻഹ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20/07/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ.എം. ഷാജി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/07/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21/07/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |